# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 954 05.03.2018 - ൽ മറുപടിക്ക്

## മങ്കട നിയോജക മണ്ഡലത്തിലെ റെയിൽവേ ഓവർ ബ്രിഡ്ജ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ : | | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | മങ്കട നിയോജക മണ്ഡലത്തിലെ അങ്ങാടിപ്പുറം മാനത്ത്മംഗലം ബൈപാസിൽ റയിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് 10 കോടി രൂപ അനുവദിച്ച ഉത്തരവിന്മേൽ സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ ; | (എ) | മങ്കട നിയോജക മണ്ഡലത്തിലെ അങ്ങാടിപ്പുറം മാനത്ത്മംഗലം ബൈപാസിൽ റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനായി 17.01.2011 - ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 73/2011/പൊ.മ.വ പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ബൈപ്പാസിന്റെ അംഗീകരിച്ച അലൈൻമെന്റ് അനുസരിച്ചുള്ള അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ 10.06.2015 - ന് പൂർത്തിയായതാണ്. പിന്നീട് അലൈൻമെന്റ് മാറ്റിയത് ഫിക്സ് ചെയ്യുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ആയിട്ടുണ്ട്. |
| (ബി) | പ്രസ്തുത റയിൽ ഓവർ ബ്രിഡ്ജുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികളിൽ കാലതാമസം ഉണ്ടാകാനുള്ള കാരണം വ്യക്ത- | (ബി) | ഓരാടംപാലം - മാനത്തുമംഗലം ബൈപ്പാസ് റോഡ് അലൈൻമെന്റിൽ വരുന്ന ഭാഗം ആണ് റെയിൽവേ ഓവർ- |

മാക്കാമോ; ഇത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാ- മാണെന്ന് വ്യക്തമാക്കുമോ ?

ബ്രിഡ്ജ്. അംഗീകരിച്ച അലൈൻ- മെന്റിൽ ഓവർബ്രിഡ്ജ് ഏഴുകണ്ണി പാലത്തിന് മുകളിലൂടെയായിരുന്നു. എന്നാൽ ഓവർബ്രിഡ്ജിന്റെ തൂണുകൾ നിലവിലെ നീരൊഴുക്കിന് തടസ്സമാകാൻ സാധ്യത ഉണ്ടെന്നും ആയതിനാൽ ഓവർബ്രിഡ്ജ് ഭാഗത്ത് അലൈൻമെന്റ് മാറ്റം വേണമെന്നും റെയിൽവേ നിർദ്ദേശിച്ചിരുന്നു. ആയതിനാൽ ഓവർബ്രിഡ്ജ് ഭാഗത്ത് പുതിയ അലൈൻമെന്റ് അംഗീകാരം ആയാൽ മാത്രമേ സ്ഥലം ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ. അലൈൻമെന്റിൽ ഏഴുകണ്ണി പാലം ഭാഗം പ്രവൃത്തി റെയിൽവേ സ്റ്റേഷൻ ഭാഗത്തേക്ക് മാറ്റിയ പുതിയ അലൈൻമെന്റ് സ്കെച്ചും, വെർട്ടിക്കൽ പ്രൊഫൈൽ സ്കെച്ചും തയ്യാറാക്കി വരുന്നു. അതിർത്തി- ക്കല്ലുകൾ പുന:സ്ഥാപിക്കാനും വിശദമായ ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തുന്നതിന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയും ടെണ്ടർ ആയിട്ടുണ്ട്.

S. Bindu

**സെക്ഷൻ ഓഫീസർ**